# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4644 26.10.2016-ൽ മറുപടിയ്ക്ക്

## കാർഷിക വികസന നയത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, തോമസ് ചാണ്ടി | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) സർക്കാരിന്റെ കാർഷിക വികസന നയത്തിൽ ഉൾപ്പെട്ട ഏതൊക്കെ നിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്; വിശദീകരിക്കാമോ;<br><br>ബി) കാർഷിക വികസന നയത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പ് ഇതേവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഉണ്ടെങ്കിൽ അവ ലഭ്യമാക്കാമോ; | എ)യും ബി)യും കാർഷിക വികസനനയത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>**i)കേരളസംസ്ഥാന വളർത്തുമൃഗ വികസന നയം -(നയം-175)** -24 മണിക്കൂർ മൃഗചികിത്സാ സേവനം - 24 മണിക്കൂർ മൃഗചികിത്സാ സേവനം എന്ന പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി രാത്രികാലങ്ങളിൽ അടിയന്തിര ചികിത്സാസഹായം ലഭ്യമാക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം നാലു കോർപ്പറേഷൻ ഉൾപ്പെടെ 45 ബ്ലോക്കുകളിൽ ഈ സേവനം നടപ്പിലാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷത്തിൽ പുതുതായി 20 ബ്ലോക്കുകളെ ഉൾപ്പെടുത്തി അഞ്ച് കോർപ്പറേഷൻ ഉൾപ്പെടെ മൊത്തം 65 ബ്ലോക്കുകളിൽ ഈ സേവനം ലഭ്യമാക്കിവരുന്നു.<br>**ii)** സാങ്കേതിക ശാസ്ത്രത്തിന്റെ പ്രചരണത്തെയും പരിപാലനത്തെയും സംബന്ധിക്കുന്ന നയങ്ങൾ **(നയം 66)** - സെന്റർ ഓഫ് എക്സലൻസ് ഓൺ ട്രെയിനിംഗ് ഇൻ അനിമൽ ഹസ്ബന്ററി- 2014 -15 സാമ്പത്തികവർഷം 40 ലക്ഷം രൂപയും 2015-16 സാമ്പത്തികവർഷം 2 കോടി രൂപയും 2016-17 സാമ്പത്തികവർഷം 1.46 കോടി രൂപയും വകയിരുത്തി മൊത്തം 3.86 കോടി രൂപ അനുവദിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലനകേന്ദ്രം സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഭാവിയിൽ കൂടുതൽ വിഷയങ്ങളിൽ കർഷക പരിശീലനങ്ങൾ നടപ്പിലാക്കാൻ കഴിയും. |

iii) **മൃഗ-പോഷണവുമായി ബന്ധപ്പെട്ട നയങ്ങൾ (നയം 181)** - കന്നുകുട്ടി പരിപാലന പദ്ധതി - സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കന്നുകുട്ടിക്കും സമീകൃത തീറ്റ ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടുകൂടി ഗോവർദ്ധിനി, കന്നുകുട്ടി പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഈ രണ്ട് പദ്ധതികളിലായി ഒരു ലക്ഷത്തിനുമുകളിൽ കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്.

iv) **വിവരസാങ്കേതിക വിദ്യയുടെ പ്രയോഗവുമായിബന്ധപ്പെട്ട നയങ്ങൾ (നയം-54) കർഷക രജിസ്ട്രേഷൻ** - 5 ലക്ഷത്തിന് മുകളിൽ കർഷകരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാകുന്നമുറയ്ക്ക് ഭാവിയിൽ ഈ രംഗത്തെ ആനുകൂല്യങ്ങൾ ഈ കർഷകർക്കാണ് നല്കുക.

v) **കർഷക അവാർഡ്** - നിലവിൽ 5 വിഭാഗങ്ങളിലായി നൽകി വരുന്ന അവാർഡ് വ്യാവസായികാടിസ്ഥാനത്തിൽ പശുക്കളെ വളർത്തുന്ന കർഷകരെയും (Best Commercial Dairy Farmer) ഉൾപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ വർഷം മുതൽ ആറാക്കി ഉയർത്തി. സംസ്ഥാനത്തെ മികച്ച ക്ഷീരകർഷകൻ, മികച്ച യുവ കർഷകൻ, മികച്ച വനിതസംരംഭക, മികച്ച സമ്മിശ്ര കർഷകൻ, മികച്ച പൗൾട്രി കർഷകൻ എന്നീ വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത്.

vi) **തീറ്റ പരിശോധന ലാബ്** - തീറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തീറ്റ പരിശോധിക്കാനുള്ള അംഗീകൃത ലബോറട്ടറി തിരുവനന്തപുരത്ത് പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലെ ലബോറട്ടറിയിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

vii) **പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ (നയം 213)** - പിന്നാമ്പുറ കോഴിവളർത്തൽ വ്യാപിപ്പിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം 250 ലക്ഷം രൂപ ചെലവിൽ 766 സ്കൂളുകളിലായി 38300 കുട്ടികൾക്ക് 5 കോഴിക്കുഞ്ഞും തീറ്റയും മരുന്നും നല്കുന്ന പദ്ധതി നടപ്പിലാക്കി. 2016-17 സാമ്പത്തിക വർഷം 255 ലക്ഷം രൂപ ചിലവിൽ 701 സ്കൂളുകളിലായി 35050 കുട്ടികൾക്ക് കോഴിക്കുഞ്ഞും തീറ്റയും മരുന്നും ഉൾപ്പെടെ 725 രൂപ സബ്സിഡി നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

viii) **നയം 213** - കോഴി വളർത്തൽ പദ്ധതി - വകുപ്പിന്റെ ഫാമുകൾ ശാക്തീകരിച്ച് ഗുണമേന്മയുള്ള കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ പുതിയ ഹാച്ചറി കോംപ്ലക്സ് സ്ഥാപിക്കാനുള്ള നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ix) നയം 213 - പൗൾട്രി വികസനനയം** :-

a) 2015-16 സാമ്പത്തിക വർഷം 968 കർഷകർക്കായി 10 താറാവിൻകുഞ്ഞുങ്ങളെ വീതം നല്കുന്ന പദ്ധതി നടപ്പിലാക്കി. 2016-17 സാമ്പത്തിക വർഷം 1608 കർഷകർക്കായി 10 താറാവിൻകുഞ്ഞുങ്ങളെ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

b) ഏകജാലക സംവിധാനം- താറാവുകളിലെ രോഗനിർണ്ണയം, ചികിത്സ, വാക്സിൻ, സംഭരണം, വിതരണം തുടങ്ങി കർഷകർക്ക് സഹായകരമാകുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നൽകുവാനായി ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് വെറ്ററിനറി പോളിക്ലിനിക്കിൽ സൗകര്യം ഒരുക്കിവരുന്നു.

c) താറാവ് ഇൻഷ്വറൻസ് - 2015-16 സാമ്പത്തിക വർഷം കുട്ടനാട് മേഖലയിലെ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ താറാവുകൾക്ക് സൗജന്യമായി ഇൻഷ്വറൻസ് നല്കാനുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. 2016-17 സാമ്പത്തിക വർഷം 20 ലക്ഷം രൂപ ചെലവാക്കി സംസ്ഥാനത്തെ മുഴുവൻ താറാവുകളെയും ഇൻഷ്വർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

d) ഉൽപ്പന്ന വിപണന ശൃംഖല - താറാവിന്റെ മുട്ട, ഇറച്ചി എന്നീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് താറാവു കർഷകരെ സഹായിക്കുവാനായി 35 ലക്ഷം രൂപ ചെലവിൽ 5 മാർക്കറ്റിംഗ് നെറ്റ് വർക്ക് കുട്ടനാട് മേഖലയിൽ നടപ്പിലാക്കിവരുന്നു.

e) താറാവു ഹാച്ചറിയും പരിശീലനകേന്ദ്രവും തിരുവല്ല, മഞ്ചാടി പക്ഷിരോഗനിർണ്ണയ ലാബോറട്ടറി കോംപ്ലക്സിൽ പണിപൂർത്തിയായി വരുന്നു. താറാവു കർഷകർക്ക് ശാസ്ത്രീയപരിശീലനവും മുട്ടവിരിയിച്ച് നൽകാനുള്ള ഹാച്ചറിയും അവിടെ സജ്ജമാക്കും. താറാവുവളർത്തൽ പുനരുജ്ജീവിപ്പിക്കാനും പക്ഷിപ്പനിമൂലം കർഷകർക്കുണ്ടായ നഷ്ടം നികത്തുവാനും ഈ പ്രവർത്തനങ്ങൾ

സഹായകരമാകും.

**x)കേരളസംസ്ഥാന വളർത്തുമൃഗ വികസന നയം (നയം 179)** - ആട്ടുവളർത്തൽ - മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ കൊമ്മേരി ആട്ടുവളർത്തൽ കേന്ദ്രം ആർ.കെ.വി.വൈ പദ്ധതിയിൽ ശാക്തീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ ബേദട്ടക്കയിൽ പുതിയ ആട്ടുവളർത്തൽ കേന്ദ്രം തുടങ്ങുവാനും നടപടികൾ ആരംഭിച്ചുവരുന്നു.

**xi)നയം 179** - നാടൻ ജനുസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി വകുപ്പ് കാസർഗോഡ് ബദിയഡുക്കയിൽ ഒരു ഫാം ആരംഭിച്ചു

xii)**കാർഷിക മേഖലയിലെ മാനവശേഷി വികസനവുമായി ബന്ധപ്പെട്ട നയങ്ങൾ (നയം 48)**

സംസ്ഥാനത്ത് വിജ്ഞാനവ്യാപനമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, ഏറ്റവും പുതിയ അറിവുകളും;കമ്പ്യൂട്ടർ, മൾട്ടിമീഡിയ, ഇന്റർനെറ്റ് തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് സമയബന്ധിതമായി പരിശീലനവും നല്കി വരുന്നു.

xiii)**മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവല്ക്കരണവുമായി ബന്ധപ്പെട്ട നയങ്ങൾ:**

അഞ്ചിൽ കൂടുതൽ കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 25,000/- രൂപ സബ്സിഡി നിരക്കിൽ 696 പേർക്ക് ഈ സഹായം ഈ വർഷം നൽകുന്നതാണ്. വകുപ്പിന്റെകീഴിലുള്ള എല്ലാ ഫാമുകളിലും സ്വയം നിറയുന്ന വെള്ളപാത്രങ്ങൾ ഘടിപ്പിക്കുകവഴി ഉല്പാദന വർദ്ധനവും ഉരുക്കളുടെ മെച്ചപ്പെട്ട ആരോഗ്യവും ഉറപ്പാക്കും.

| | |
|---|---|
| സി) കാർഷിക വികസന നയത്തിന് അനുസൃതമായി ഗോ ആധാർ എന്ന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് വിശദമാക്കാമോ; | സി) ഗോ ആധാർ പദ്ധതി ഈ വകുപ്പ് നടപ്പിലാക്കുന്നില്ല. |
| ഡി) കേരളത്തിൽ വില്ക്കപ്പെടുന്ന കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണമേന്മ വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

ഇ) കാലിത്തീറ്റയുടെ ഗുണമേന്മ കണ്ടെത്തുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും വിഭാവനം ചെയ്യുകൊണ്ടുള്ള കാലിത്തീറ്റ ഗുണമേന്മ നിയന്ത്രണ ബില്ലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

ഇ) കാലിത്തീറ്റ ഗുണമേന്മ നിയന്ത്രണ ബില്ലിന്റെ കരട് പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു

എഫ്) ചെറുകിട പശു വളർത്തൽ, കോഴി വളർത്തൽ യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന കാർഷിക വികസന നയത്തിലെ നിർദ്ദേശം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

എഫ്) 28/3/2015-ലെ സ.ഉ(പി) നമ്പർ.59/15/കൃഷി പ്രകാരം മുൻ സർക്കാർ അംഗീകരിച്ച കാർഷിക വികസനനയത്തിൽ കോഴിവളർത്തൽ കന്നുകാലി വളർത്തൽ തുടങ്ങിയവ കൃഷിയായി അംഗീകരിച്ചിട്ടുണ്ട്.
ചെറുകിട പശു വളർത്തൽ, കോഴി വളർത്തൽ യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

ജി) കേരളത്തിൽ വ്യാപകമായി കൃത്രിമ ചൈനീസ് മുട്ടകൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപഭോക്താവ് വാങ്ങുന്ന കോഴി-താറാവ്-കാടമുട്ടകൾ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികളാണ് മൃഗസംരക്ഷണ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
ഉപഭോക്താവ് വാങ്ങുന്ന കോഴി-താറാവ്-കാടമുട്ടകൾ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പു വരുത്തേണ്ടത് ഭക്ഷ്യസുരക്ഷ വകുപ്പാണ്.

(signature)

സെക്ഷൻ ഓഫീസർ